MWS.22

**തിരുവനന്തപുരം വിദ്യാഭ്യാസജില്ല**

**മലയാളം – കേരളപാഠാവലി**

**ക്ലാസ്സ് 10 – പ്രലോഭനം**

**നളചരിതം**

**ഉണ്ണായിവാര്യർ**

## പ്രവർത്തനം.1

## ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക




1. "ദൂരത്തൂന്നാരും വരികയില്ല നമ്മെക്കാണ്മാൻ"

വരികളിൽ പ്രകടമാകുന്ന ഭാവം?

- അഹങ്കാരം
- നളനോടുള്ള അസൂയ
- സന്തോഷം

2. "കോപമത്സര വശംവദ കലിർ –
   ദ്വാപരേണ സഹമേദിനീം ഗതഃ
   സ്വാപദേ സ്വയമചോദയജ്ജളം
   
   സ്വാപതേയ ഹരണായ പുഷ്ക്കരം" -വരികളിലെ ശബ്ദഭംഗി?

- അനുപ്രാസം
- അന്ത്യപ്രാസം
- ദ്വിതീയാക്ഷരപ്രാസം

3. "വൈരി വൈരസേനിക്കിഹ ഞാൻ കലി

   തവ ഞാൻ മിത്രം" – വൈരസേനിയെന്ന പ്രയോഗത്തിന്റെ അർത്ഥം കുറിക്കുക?

## പ്രവർത്തനം. 2

## പട്ടിക പൂർത്തിയാക്കുക

| വേഷം | ഗുണം | സ്വഭാവം | ഉദാഹരണം |
|---|---|---|---|
| ---- | സാത്വികം | --------- | നളൻ |
| --- | രാജസം | രാക്ഷസ സ്വഭാവം | ദുര്യോധനൻ |
| --- | താമസം | -------------- | കലി |
| ---- | താമസം | വനചാരി | കാട്ടാളൻ |

## പ്രവർത്തനം. 3

കഥാപാത്ര നിരൂപണം തയ്യാറാക്കുക

| പുഷ്ക്കരൻ | കലി |
|---|---|
| 1.നളനോടുള്ള അസൂയ | 1.അഹംഭാവം |
| 2.അമർഷം | 2.ദമയന്തിയെ വിവാഹം കഴിക്കാനാകാത്തതിലുള്ള പക |
| 3.അപകർഷ ബോധം | 3.അന്യരിൽ (പുഷ്ക്കരൻ) വിശ്വാസം ജനിപ്പിക്കാനുള്ള കഴിവ് |
| 4.നായക കഥാപാത്രം (പച്ചവേഷം) | 4.ദുഷ്ട കഥാപാത്രം (താടിവേഷം) |

'പ്രലോഭന'ത്തിലെ പ്രധാന കഥാപാത്രങ്ങളുടെ സവിശേഷതകൾ ശ്രദ്ധിച്ചല്ലോ? സൂചനകളുടെ അടിസ്ഥാനത്തിൽ പുഷ്ക്കരന്റെയും കലിയുടെയും കഥാപാത്ര നിരൂപണം (ഓരോപുറത്തിൽ) തയ്യാറാക്കുക.

## പ്രവർത്തനം. 4

പ്രസംഗം തയ്യാറാക്കുക

- ജ്യേഷ്ഠനെതിരെ അനുജനെ പ്രലോഭിപ്പിക്കുകയാണ് കലി
- വിദ്യാർത്ഥികളെ പ്രലോഭിപ്പിക്കുന്നവയെ ചുവടെ ചേർക്കുന്നു
  - മദ്യം
  - മയക്കുമരുന്നുകൾ
  - ആഡംബര ജീവിതം
  - മൊബൈൽ ഫോൺ
  - ഇന്റർനെറ്റ്
- ഈ പ്രലോഭനങ്ങളെ എങ്ങനെ മറികടക്കാനാകും?

ദേശീയ യുവജനദിനത്തിൽ (ജനുവരി12) വിദ്യാലയ അസംബ്ലിയിൽ നിങ്ങൾ നടത്തുന്ന പ്രസംഗം തയ്യാറാക്കുക

- പ്രസംഗം -ഘടന
  - സംബോധന
  - ആമുഖം
  - വിഷയാവതരണം
  - ആശയക്രമീകരണം
  - സ്വന്തംനിരീക്ഷണം
  - ഉപസംഹാരം